Deepika-22-12-18,p-03

# കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്ന കൃഷികൾ വേണം: ഗവർണർ പി. സദാശിവം

തൃശൂർ: കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതായിരിക്കണം ഭാവിയിലെ കൃഷിരീതികളെന്നു ഗവർണർ ജസ്റ്റിസ് പി. സദാശിവം. ദേശീയ-അന്തർദേശീയ തലത്തിലുള്ള കാർഷിക വിപ്ലവത്തിനു വഴിയൊരുക്കുന്നതിനു കേരള കാർഷിക സർവകലാശാല ലക്ഷ്യം വയ്ക്കണമെന്നും ഗവർണർ അഭിപ്രായപ്പെട്ടു.

കേരള കാർഷിക സർവകലാശാലയിൽ നടന്ന ബിരുദദാനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സർവകലാശാല പ്രോ ചാൻസലറും മന്ത്രിയുമായ അഡ്വ. വി.എസ്.സുനിൽകുമാർ, കേന്ദ്ര കാർഷിക പഠന ഗവേഷണ വകുപ്പ് സെക്രട്ടറി ഡോ. ത്രിലോചൻ മൊഹാപത്ര, വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു എന്നിവർ പ്രസംഗിച്ചു.

വെള്ളാനിക്കര സെൻട്രൽ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ 634 വിദ്യാർഥികൾക്കാണ് ബിരുദം സമ്മാനിച്ചത്. അമ്പതിനായിരം രൂപയടങ്ങുന്ന ബെസ്റ്റ് ടീച്ചർ അവാർഡ് ഡോ. കെ.പി. സുധീറിനു സമ്മാനിച്ചു.

ബിരുദ, ബിരുദാനന്തര തലത്തിൽ റാങ്ക് നേടിയവർക്കുള്ള സമ്മാനങ്ങളും സർദാൽ പട്ടേൽ അവാർഡുൾപ്പെടെയുള്ള എൻഡോവ്മെന്റ് പുരസ്കാരങ്ങളും വിതരണം ചെയ്തു. സർവകലാശാല ഭരണസമിതിയംഗം കെ.രാജൻ എംഎൽഎ, സർവകലാശാല വകുപ്പു മേധാവികൾ, മാതാപിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.



കാർഷിക സർവകലാശാലയിലെ ബിരുദദാന ചടങ്ങിനെത്തിയ ഗവർണർ ജസ്റ്റിസ് പി.സദാശിവത്തെ കൃഷിമന്ത്രി വി.എസ്.സുനിൽകുമാർ, കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ.ആർ.ചന്ദ്രബാബു എന്നിവർ സ്വീകരിക്കുന്നു. -ഗസൂൺജി